നെയ്യാറ്റിൻകരയിലെ എസ്.സി. കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

236 (5039) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.സി കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാം ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) അവയിൽ നാളിതുവരെ പൂർത്തിയായവ ഏതെല്ലാം ; ഇനി പൂർത്തീകരിക്കുവാൻ ഉള്ള പ്രവൃത്തികൾ ഏതെല്ലാം ; വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ടോയ്ലറ്റ് നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 347 ഗുണഭോക്താക്കൾക്ക് 86,75,000 രൂപയും സ്വയം തൊഴിൽ പദ്ധതിപ്രകാരം 29 ഗുണഭോക്താക്കൾക്ക് 16,39,553 രൂപയും ചികിത്സാ ധനസഹായ പദ്ധതി പ്രകാരം 469 പേർക്ക് 61,96,000 രൂപയും സൈക്കിൾ വിതരണ പദ്ധതി പ്രകാരം 319 ഗുണഭോക്താക്കൾക്കായി 9,57,000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകരയിൽ വിജ്ഞാൻവാടി കെട്ടിടം പ്രവർത്തിപ്പിക്കുന്നതിനും കാരോട്, തിരുപുറം ഗ്രാമപഞ്ചായത്തുകളിൽ കെട്ടിടം പണിക്കും മറ്റുമായി 2011-12 മുതൽ 2014-15 വരെ 4,65,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷം സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ചെങ്കൽ, ആലത്തറവിളാകം കോളനിയിൽ വികസന പ്രവർത്തനങ്ങൾക്കായി ഒന്നാം ഗഡു തുകയായ 25 ലക്ഷം രൂപയും തോണിക്കടവ്, പാലമൺതോട്ടം കോളനിക്ക് ഒന്നാം ഗഡുവായി 21,67,326 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസുവഴി ഭരണാനുമതി നൽകിയ നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) മേൽ പറഞ്ഞിരിക്കുന്നവയിൽ ധനസഹായ പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര, കാരോട്, തിരുപുറം എന്നിവിടങ്ങളിൽ വിജ്ഞാൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വാടികൾ പ്രവർത്തിച്ചുവരുന്നു. തോണിക്കടവ് പാലമൺ തോട്ടം കോളനി, ആലത്തറ വിളാകം കോളനി എന്നിവിടങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരം അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ

237 (5040) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആർ. രാജേഷ് :

ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായമോ മറ്റു തൊഴിലുകളോ ആരംഭിക്കുന്നതിന് പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ അനുവദിക്കാൻ പദ്ധതി രൂപീകരിച്ചിരുന്നോ ;

(ബി) പദ്ധതി പ്രകാരം എത്ര പേർക്ക് മേൽപ്പറഞ്ഞ വിവിധ ആവശ്യങ്ങൾക്കായി വായ്പ അനുവദിച്ചെന്നും ആകെ നല്കിയ വായ്പാ തുക എത്രയെന്നും അറിയിയ്ക്കുമോ ;

(സി) പദ്ധതിയുടെ ഫലമായി എത്ര പേർക്ക് സ്വയം തൊഴിൽ ഉൾപ്പെടെ തൊഴിൽ ലഭിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) വ്യവസായമോ മറ്റ് തൊഴിലുകളോ ആരംഭിക്കുന്നതിന് പട്ടികജാതിക്കാർക്ക് പലിശരഹിത വായ്പ അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. നിലവിൽ ടി പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ പട്ടികജാതി വിഭാഗക്കാർ വ്യവസായമോ തൊഴിൽ സംരംഭമോ ആരംഭിക്കുന്നതിന് ബാങ്ക് വായ്പ സ്വീകരിക്കുന്ന പക്ഷം ബാങ്ക് വായ്പയുടെ 1/3 തുക സബ്സിഡിയായി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി&സി) പലിശ രഹിത വായ്പാ പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ അഞ്ചുപേർക്ക് 85,000 രൂപയും തൃശ്ശൂർ ജില്ലയിൽ 71 പേർക്കായി 3,06,000 രൂപയും കാസർഗോഡ് ജില്ലയിൽ എട്ട് പേർക്കായി 77,600 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇവർക്കെല്ലാം തൊഴിൽ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന ജില്ലകളിലെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
874/2017.

LIBRARY ARCHIVES Kerala Legislative Assembly